**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമവികസനം - ജീവനക്കാര്യം- മലപ്പുറം ജില്ല-ചെറുകാവ് ഗ്രാമ പഞ്ചായത്ത്-2008-09 വർഷത്തെ ഭവന നിർമ്മാണ പദ്ധതിയിലെ ക്രമക്കേട് -വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ശ്രീ.എൻ.സുരേന്ദ്രനെരെയുള്ള അച്ചടക്ക നടപടി-ഗ്രാമവികസന വകുപ്പിലെ ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണർ ശ്രീ.പി.കെ.സനിൽകുമാറിനെ അന്വേഷണ ഉദ്യോഗസ്ഥനായി-നിയമിച്ച് ഉത്തരവാകുന്നു.

---

തദ്ദേശസ്വയംഭരണ(ഇആർബി) വകുപ്പ്

സ.ഉ. (സാധാ) നം.1875 /2017/തസ്വഭവ, തിരുവനന്തപുരം, തീയതി: 06.6.2017

---

പരാമർശം : 1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 08.9.2015 തീയതിയിലെ ഇ 10 (QV.04/2015/MPM) നമ്പർ കത്തും പരിശോധനാ റിപ്പോർട്ടും.

2. ശ്രീ.എൻ.സുരേന്ദ്രന് സർക്കാരിൽ നിന്നും നൽകിയ 12.5.2016 തീയതിയിലെ കുറ്റപത്രവും, കുറ്റാരോപണ പത്രികയും.

3. 23.6.2016 തീയതിയിൽ .ശ്രീ.എൻ.സുരേന്ദ്രൻ ഗ്രാമവികസന കമ്മീഷണർ മുഖാന്തിരം സമർപ്പിച്ച പ്രതിവാദപത്രിക.

4.ഗ്രാമവികസന കമ്മീഷണറുടെ 23.01.2017 തീയതിയിലെ 8151/ എസ്റ്റാഎ 3/2016/ സി.ആർ.ഡി നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

മലപ്പുറം ജില്ലയിലെ ചെറുകാവ് ഗ്രാമ പഞ്ചായത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ പരിശോധനയിൽ 2008-09 വർഷത്തെ ഭവന നിർമ്മാണ പദ്ധതിയിൽ ക്രമക്കേടുകൾ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഗ്രാമ പഞ്ചായത്തിലെ മുൻ വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ ആയ ശ്രീ.എൻ.സുരേന്ദ്രന് പരാമർശം (2) പ്രകാരം കുറ്റപത്രവും കുറ്റാരോപണ പത്രികയും നൽകുകയുണ്ടായി.പരാമർശം (3)പ്രകാരം ടിയാന്റെ പ്രതിവാദപത്രിക യിൽ മേൽ കുറ്റങ്ങൾ നിഷേധിച്ചിരുന്നു. പരാമർശം (4) പ്രകാരം ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് സമർപ്പിച്ചു. ശ്രീ. എൻ. സുരേന്ദ്രനെതിരെ 1960 ലെ കെ.സി.എസ് (സി.സി&എ) ചട്ടം 15 പ്രകാരം അച്ചടക്ക നടപടി സ്വീകരിച്ചു വരുന്നതിനാൽ

ഔപചാരിക അന്വേഷണം നടത്തുന്നതിനായി ഗ്രാമവികസന കമ്മീഷണറേറ്റിലെ ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണർ ശ്രീ.പി.കെ.സനിൽ കുമാറിനെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ച് ഉത്തരവാകുന്നു.

അന്വേഷണ ഉദ്യോഗസ്ഥൻ അന്വേഷണം നടത്തി ഒരു മാസത്തിനകം സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
ജയശ്രീ.എം
അണ്ടർ സെക്രട്ടറി

1) ശ്രീ.പി.കെ.സനൽ കുമാർ, ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണർ, ഗ്രാമവികസന കമ്മീഷണറേറ്റ്, തിരുവനന്തപുരം, (കുറ്റപത്രവും, ,കുറ്റാരോപണ പത്രികയും,പ്രതിവാദ പത്രികയും സഹിതം- (ഗ്രാമവികസന കമ്മീഷണർ മുഖേന)
2) ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
3) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള,തിരുവനന്തപുരം
4) അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
5) ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
6) വിവര പൊതുജന സമ്പർക്ക (വെബ്&ന്യൂമീഡിയ) വകുപ്പ്
7) ആഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ